# പരീക്ഷാ അടിയന്തിരം

നം.എ2/7795/2018/സി.ജി.ഇ.
കാര്യാലയം

പരീക്ഷാകമ്മീഷണറുടെ

പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം
തീയതി : 27/04/2018

## സർക്കുലർ

വിഷയം : പരീക്ഷാഭവൻ - 2018 ഏപ്രിൽ മാസം നടത്തിയ ഡി.എഡ് രണ്ടും, നാലും സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം സംബന്ധിച്ച്.

സൂചന : 19/02/2018 തീയതിയിലെ എച്ച്2/4820/2018/സി.ജി.ഇ. നമ്പർ വിജ്ഞാപനം.

.............

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഏപ്രിൽ മാസം 30-ന് പൂർത്തിയാകുന്ന ഡി.എഡ്. രണ്ടും നാലും സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം 14/05/2018-ന് ആരംഭിക്കുകയാണ്. ആയതിനാൽ വിദ്യാർത്ഥികൾക്കുള്ള പഠന ക്യാമ്പും പഠന യാത്രകളും ടി കാലയളവിൽ യാതൊരു കാരണവശാലും നടത്താൻ പാടില്ല. ഡി.എഡ്. പരീക്ഷയുമായി ബന്ധപ്പെട്ട് എല്ലാ ജോലികളും ഓൺലൈൻ മുഖാന്തിരമാണ് നടത്തുന്നത്. മൂല്യനിർണ്ണയത്തിനായുള്ള അദ്ധ്യാപകരെ ഇത്തരത്തിൽ നിയമിക്കുന്നതിനായി എല്ലാ ഡയറ്റ്/ഐ.റ്റി.ഐ പ്രിൻസിപ്പൽമാരും (സർക്കാർ & എയ്ഡഡ്) അവരവരുടെ സ്ഥാപനത്തിലെ എല്ലാ അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ പരീക്ഷാഭവൻ വെബ് സൈറ്റിൽ നൽകിയിട്ടുള്ള ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. ടി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പരീക്ഷാഭവൻ വെബ് സൈറ്റിൽ ലിങ്ക് 04/05/2018 മുതൽ ലഭ്യമാകുന്നതാണ്. 08/05/2018-ന് മുമ്പായി വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. 2017-2018 അദ്ധ്യയന വർഷം പഠിപ്പിച്ച വിഷയങ്ങളിൽ മാത്രം അദ്ധ്യാപകർ മൂല്യനിർണ്ണയത്തിനായി അപേക്ഷിക്കേണ്ടതാണ്.

ഓരോ ജില്ലകളിൽ നിന്നും ബന്ധപ്പെട്ട ക്യാമ്പുകളിലേയ്ക്ക് അദ്ധ്യാപകർ അപേക്ഷിക്കേണ്ട വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ക്യാമ്പ് |
|---|---|
| 1. തിരുവനന്തപുരം<br>2. കൊല്ലം<br>3. ആലപ്പുഴ<br>4. പത്തനംതിട്ട | ക്യാമ്പ്, ഗവ.റ്റി.റ്റി.ഐ. കൊല്ലം |
| 5. കോട്ടയം<br>6. എറണാകുളം<br>7. ഇടുക്കി | ക്യാമ്പ്, ഗവ. റ്റി.റ്റി.ഐ. ഇടപ്പള്ളി, എറണാകുളം |

8. തൃശ്ശൂർ
9. പാലക്കാട്
10. മലപ്പുറം

} ക്യാമ്പ്, ഡയറ്റ് രാമവർമ്മപുരം, തൃശ്ശൂർ

11. കോഴിക്കോട്
12. കണ്ണൂർ
13. കാസറഗോഡ്
14. വയനാട്

} ക്യാമ്പ്, ഗവ.മോഡൽ എച്ച്.എസ്.എസ്. കോഴിക്കോട്

തമിഴ് ഉത്തരക്കടലാസുകൾ തൃശൂർ ഡയറ്റിലും, കന്നട ഉത്തരക്കടലാസുകൾ കോഴിക്കോട് ഗവ.ഗേൾസ് എച്ച്.എസ്.എസ്. നടക്കാവിലുമാണ് മൂല്യനിർണ്ണയം നടത്തുന്നത്. തമിഴ്/കന്നട വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകർ മേൽ സൂചിപ്പിച്ച ക്യാമ്പുകളിലേയ്ക്കാണ് അപേക്ഷിക്കേണ്ടത്. അതാത് ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർമാരും, ഡയറ്റ് പ്രിൻസിപ്പൽമാരും ബന്ധപ്പെട്ട ഐ.ടി.ഇ.കളിൽ നിന്നും കൃത്യസമയത്തിനുള്ളിൽ വിവരം നൽകി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിലും കൃത്യമായും വിവരങ്ങൾ നൽകാതിരിക്കുകയോ മൂല്യനിർണ്ണയ ജോലികളിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്യുന്നവർക്കെതിരെ പരീക്ഷാകമ്മീഷണർ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരവും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

**സെക്രട്ടറി**

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. സിസ്റ്റം മാനേജർ പരീക്ഷാഭവൻ
   (അനന്തര നടപടികൾക്കായി)